**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1053** **07-12-2022 - ൽ മറുപടിയ്ക്ക്**

**മനുഷ്യ-മൃഗ സംഘർഷം കുറയ്ക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ ,<br>ശ്രീ . ടി. വി. ഇബ്രാഹിം ,<br>ശ്രീ. അബ്ദുൽ ഹമീദ് പി,<br>ഡോ. എം.കെ . മുനീർ | | ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വനാതിർത്തിയോട് ചേർന്നുകിടക്കുന്ന പ്രദേശങ്ങളിൽ മനുഷ്യ-മൃഗ സംഘർഷം കുറയ്ക്കുന്നതിനായി സ്വീകരിച്ചുവരുന്ന നടപടി വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് വനമേഖലയോട് ചേർന്ന് കിടക്കുന്ന ജനവാസ കേന്ദ്രങ്ങളിൽ വന്യമൃഗങ്ങൾ കടന്നുകയറി കൃഷിക്കും, ജീവനും ഭീഷണി ഉണ്ടാകുന്നത് തടയുന്നതിനായി വന്യമൃഗശല്യം കൂടുതലുള്ള സ്ഥലങ്ങളിൽ സൗരോർജ്ജവേലികൾ, കിടങ്ങുകൾ, സംരക്ഷണ ഭിത്തികൾ, റെയിൽ ഫെൻസിംഗ് എന്നിവ നിർമ്മിച്ചിട്ടുണ്ട്. ശല്യക്കാരായ ആനകളെ നിയന്ത്രിക്കുന്നതിനായി പരിശീലനം ലഭിച്ച കുങ്കി ആനകളെ ഉപയോഗിച്ചുവരുന്നു. ഇത്തരം മൃഗങ്ങളുടെ സാന്നിദ്ധ്യം പൊതുജനങ്ങളെ മുൻകൂറായി അറിയിക്കുന്നതിനായി എസ്.എം.എസ് അലർട്ട് സംവിധാനം പ്രവർത്തിച്ച് വരുന്നുണ്ട്. ഇതിന് പുറമെ വനാതിർത്തികളിൽ ജനജാഗ്രതാ സമിതികൾ രൂപീകരിച്ച് തദ്ദേശവാസികളുടെ സഹകരണത്തോടെ പ്രതിരോധ പ്രവർത്തനങ്ങളും നടത്തി വരുന്നുണ്ട്. ആർ.ആർ.റ്റി.യുടെ സേവനവും പ്രയോജനപ്പെടുത്തി വരുന്നുണ്ട്. ജനവാസ കേന്ദ്രങ്ങളിലിറങ്ങി കൃഷിനാശം വരുത്തുന്ന കാട്ടുപന്നികളെ ഉപാധികളോടെ വെടിവെച്ച് കൊല്ലുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത നടപടി ഫലപ്രദമല്ല എന്ന ആക്ഷേപം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിശോധിച്ചിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വനംവകുപ്പിന്റെ പരിമിതമായ മാനവ വിഭവശേഷി ഉപയോഗിച്ചു കൊണ്ടും സൗരോർജ്ജ വേലികൾ, കിടങ്ങുകൾ, സംരക്ഷണ ഭിത്തികൾ, റെയിൽ ഫെൻസിംഗ് എന്നിവ സ്ഥാപിച്ചും മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |
| (സി) | ഇതിനായി ഫലപ്രദമായ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ? | (സി) | വന്യജീവികൾ നാട്ടിലേയ്ക്കിറങ്ങുന്നത് പ്രതിരോധിക്കുന്നതിന് സൗരോർജ്ജവേലികൾ, കിടങ്ങുകൾ എന്നിവയാണ് പ്രധാനമായും മുൻ |

| | | | |
|---|---|---|---|
| | | | വർഷങ്ങളിൽ നിർമ്മിച്ചുവന്നിരുന്നത്. എന്നാൽ ആന ഉൾപ്പെടെയുള്ള വന്യജീവികൾ സൗരോർജ്ജവേലികൾ പല സ്ഥലങ്ങളിലും നശിപ്പിക്കുന്നതിനാലും, മരങ്ങൾ മറിഞ്ഞ് വീണുണ്ടാകുന്ന നാശത്തിനാലും ചില സ്ഥലങ്ങളിൽ എങ്കിലും ഫലപ്രദമല്ലാതെയാകുന്നു. അത്തരം സ്ഥലങ്ങളിൽ സൗരോർജ്ജ വേലികളുടെ പരിപാലനം കൃത്യമായി നടത്തുന്നതിനും പുതുതായി സൗരോർജ്ജ തൂക്കു വേലികൾ നിർമ്മിക്കുന്നതിനും ഉള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വന്യമൃഗശല്യം കൂടുതലുള്ള സ്ഥലങ്ങളിൽ സൗരോർജ്ജ വേലികൾ, കിടങ്ങുകൾ, സംരക്ഷണ ഭിത്തികൾ, റെയിൽ ഫെൻസ് എന്നിവ നിർമ്മിച്ചിട്ടുള്ളതും വർഷാവർഷം അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തനക്ഷമമാക്കുകയും ചെയ്തിട്ടുണ്ട്. ആർ.ആർ.റ്റി.കളുടെ സേവനം ഉപയോഗിച്ചും ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് പ്രതിരോധ മാർഗ്ഗങ്ങൾ നിർമ്മിച്ചും വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനുള്ള സാദ്ധ്യമായ ഫലപ്രദമായ മാർഗ്ഗങ്ങളെല്ലാം നിലവിൽ സ്വീകരിച്ച് വരുന്നുണ്ട്.<br><br>വന്യമൃഗശല്യം രൂക്ഷമായ പ്രദേശങ്ങളിലെ ആദിവാസി ഇതര ഫോറസ്റ്റ് സെറ്റിൽമെൻറുകളിലെ താമസക്കാരെ റീബിൽഡ് കേരള പദ്ധതിയുടെ കീഴിലും കിഫ്ബി ധനസഹായത്തോടുകൂടിയും സ്വയം സന്നദ്ധ പുനരധിവാസ പദ്ധതി പ്രകാരം കാടിന് പുറത്തേക്ക് പുനരധിവസിപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ